**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2086** **09-02-2023 - ൽ മറുപടിയ്ക്ക്**

**പോക്സോ സ്പെഷ്യൽ കോടതികൾ ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ പോക്സോ സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | രണ്ട് ഘട്ടങ്ങളായി സംസ്ഥാനത്ത് 56 അതിവേഗ പ്രത്യേക കോടതികൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 53 കോടതികൾ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതി, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം പ്രത്യേക പോക്സോ കോടതികളായി ഓരോ ജില്ലയിലും ഡിസ്ട്രിക്ട് സെഷൻസ് കോടതികളെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടുതൽ പോക്സോ സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ